പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭ ചോദ്യം നമ്പർ : 2103

11.06.2018 ൽ
മറുപടിയ്ക്ക്

## പ്രത്യേക കമ്പനിയുടെ കാക്കിത്തുണി യൂണിഫോമിനായി വാങ്ങണമെന്ന നിർദ്ദേശം

**ചോദ്യം**

ശ്രീ. ഷാഫി പറമ്പിൽ

(എ) സംസ്ഥാനത്തെ എല്ലാ പോലിസുദ്യോഗസ്ഥരും ഒരേ തുണിത്തരത്തിലും നിറത്തിലുമുള്ള കാക്കി ധരിക്കണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഒരു പ്രത്യേക കമ്പനിയുടെ കാക്കിത്തുണി യൂണിഫോമിനായി വാങ്ങണമെന്ന് കോഴിക്കോട് ജില്ലാ പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അപ്രകാരം ഒരു നിർദ്ദേശത്തിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാന പോലീസ് മേധാവി ഒരു പ്രത്യേക കമ്പനിയുടെ പെയിന്റ് ഉപയോഗിച്ച് പോലീസ് സ്റ്റേഷനുകൾ പെയിന്റ് ചെയ്യണമെന്ന നിർദ്ദേശം മുൻപ് നൽകിയിരുന്നോ ;ഇപ്രകാരം കമ്പനികളുടെ പേരുപറഞ്ഞ് ഉത്തരവ് നൽകുന്നത് ക്രമപ്രകാരമാണോ; വിശദമാക്കാമോ?

**മറുപടി**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പോലീസ് ഉദ്യോഗസ്ഥരും ഒരേ തുണിത്തരത്തിലും നിറത്തിലുമുള്ള കാക്കി യൂണിഫോം ധരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 31.10.2017 ലെ സി5/172686/17 എന്ന സി.ഒ.ബി സന്ദേശ പ്രകാരം പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കോഴിക്കോട് സിറ്റിയിൽ യൂണിഫോം കളർ ഏകീകരിക്കുന്നതിനു വേണ്ടി ആംഡ് റിസർവ് ഡെപ്യൂട്ടി കമാൻണ്ടന്റിന്റെ കീഴിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും, ടി കമ്മിറ്റി തെരഞ്ഞെടുത്ത യൂണിഫോം തുണി വാങ്ങി തയ്പിച്ച് ധരിക്കുവാൻ ജില്ലയിലെ പോലീസു-കാർക്ക് ഉത്തരവ് നൽകിയിരുന്നു. എന്നാൽ സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാ പോലീസ് മേധാവി പുറത്തിറക്കിയ ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ട്.

(സി) ഇത്തരത്തിൽ നിർദ്ദേശം നൽകിയിട്ടില്ല

സെക്ഷൻ ഓഫീസർ